Draft #1 of File 59591/AD A5-1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 12-Nov-2020 12:30 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല ലൈബ്രറി - ലൈബ്രറി പുസ്തകങ്ങൾ പിഴ കൂടാതെ തിരികെ നൽകുന്നതിനുള്ള കാലാവധി - പഠന വകുപ്പുകൾ/സ്കൂളുകൾ/ഇൻസ്റ്റിറ്റ്യൂട്ടുകൾ/സെന്ററുകൾ എന്നിവ തുറന്ന് ക്ലാസുകൾ ആരംഭിക്കുന്നത് വരെ ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവാകുന്നു

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 5369/AD A 5/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.11.2020

---

*പരാമർശം:*-ജനറൽ സെക്രട്ടറി, ഡിപ്പാർട്മെന്റ് സ്റ്റുഡന്റ് യൂണിയൻ 22.10.2020 തീയതിയിൽ സമർപ്പിച്ച അപേക്ഷ,

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ പഠനവകുപ്പുകളിലെ വിദ്യാർത്ഥികൾക്ക് അവരുടെ പേരിൽ അനുവദിച്ചിട്ടുള്ള ലൈബ്രറി പുസ്തകങ്ങൾ പിഴ കൂടാതെ തിരികെ നൽകുവാനുള്ള കാലാവധി 2020 സെപ്റ്റംബർ മാസം അവസാനിച്ചിരിക്കുകയാണെന്നും, കോവിഡ് പശ്ചാത്തലത്തിൽ നൂറുകണക്കിന് വിദ്യാർത്ഥികൾ ക്യാമ്പസ്സിൽ തിരികെ എത്തി പുസ്തകങ്ങൾ തിരികെ നൽകുക എന്നത് അപകടം ക്ഷണിച്ചു വരുത്താനിടയുള്ളതിനാലും, ഗതാഗതത്തിനുള്ള ബുദ്ധിമുട്ടും, ക്യാമ്പസ്സിൽ അറിയിപ്പ് കിട്ടാതെ പ്രവേശിക്കരുതെന്ന ഉത്തരവ് നിലനിൽക്കുന്നതിനാലും മുൻ നിശ്ചയിച്ച പ്രകാരം അവസാനിച്ച തീയതി മുതൽ ഇനി ക്യാമ്പസ് തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതു വരെ ലൈബ്രറി പുസ്തകങ്ങളിന്മേലുള്ള എല്ലാവിധ പിഴകളും ഒഴിവാക്കണമെന്ന് മേൽ പരാമർശം പ്രകാരം ജനറൽ സെക്രട്ടറി, ഡിപ്പാർട്മെന്റ് സ്റ്റുഡൻറ് യൂണിയൻ അപേക്ഷിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ നിലവിൽ വിദ്യാർത്ഥികൾ സർവകലാശാല ലൈബ്രറികളിൽ നിന്നും കൈപറ്റിയിട്ടുള്ള പുസ്തകങ്ങൾ പിഴ കൂടാതെ തിരികെ നൽകുന്നതിനുള്ള സമയം സർവ്വകലാശാലക്ക് കീഴിലുള്ള പഠനവകുപ്പുകൾ/സ്കൂളുകൾ/ഇൻസ്റ്റിറ്റ്യൂട്ടുകൾ/സെന്ററുകൾ എന്നിവ തുറന്ന് ക്ളാസ്സുകൾ ആരംഭിക്കുന്നതുവരെ ദീർഘിപ്പിച്ച് നൽകികൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേശൻ പി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. ജനറൽ സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻറ് യൂണിയൻ

2. ലൈബ്രേറിയൻ -ഇൻ -ചാർജ്ജ്

3. വൈസ് ചാൻസിലർ , പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പി എസ് മാർ

4. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ

5. പഠനവകുപ്പുകൾ/സ്കൂളുകൾ/ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുടെ മേധാവികൾ

6 .പഠനവകുപ്പുകൾ/സ്കൂളുകൾ/ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ലൈബ്രറിയുടെ ചാർജ് വഹിക്കുന്നവർ.

7 . എ ആർ II / ഡി ആർ II / ജെ ആർ I (ഭ വി)

8 . ഫിനാൻസ് I / II / III / സിറ്റാഡ് / ഐ ക്യൂ എ സി / എഫ് സി സി

9 . ജോയിന്റ് ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

10 . റെക്കോർഡ്സ് / കരുതൽ ഫയൽ

Draft #1 of File 59591/AD A5-1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 12-Nov-2020 12:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം